മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 293 കാറിങ്കം പി. ഡബ്ലിയു. ഡി. (ബിൽഡിംഗ്സ് ആൻറ് റോഡ്സ്)യുടെ അധീനതയിലുണ്ട്.

(ബി) 22-3-1958 മുതൽ.

(സി) സീനിയറേജ് റേറ്റ് ഒരു യൂണിറ്റിനു 3 രൂപ 75 നയാ പൈസ നിരക്കിൽ ഫീസടക്കുന്നതിനും ദിവസത്തൊന്നിനു 50 യൂണിറ്റിൽ കവിയാതെ മാത്രം കരിങ്കൽ പൊട്ടിക്കുന്നതിനുള്ള വ്യവസ്ഥയിലായിരുന്നു. എന്നാൽ പിന്നീട് 7-4-1958-ലെ ഗവണ്മെൻറുത്തരവുപ്രകാരം യൂണിറ്റിനു 1 രൂപ 25 നയാപൈസ നിരക്കിൽ ഫീസടച്ചാൽ മതിയെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഇടപ്പള്ളി തെക്കുംഭാഗം വില്ലേജാഫീസറെയാണു ഈ കാര്യത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ളതു.

(ഈ) ആകെ 2554 യൂണിറ്റ് കല്ലു പൊട്ടിച്ചു എടുത്തിട്ടുണ്ട്. 3192 രൂപ 50 നയാപൈസ ഫീസിനത്തിൽ സർക്കാരിലേക്കു കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : യൂണിറ്റിനു മൂന്നു രൂപ നിരക്കിലാണു ആദ്യം കരിങ്കല്ലു പൊട്ടിച്ചതെന്നു പറഞ്ഞു. രണ്ടായിരത്തിൽപ്പരം യൂണിറ്റു കരിങ്കല്ലുപൊടിച്ചുവെങ്കിലും മൂവായിരത്തിൽപ്പരം രൂപ മാത്രമേ ഗവണ്മെൻറിനു കിട്ടിയിട്ടുള്ളു എന്നും പറഞ്ഞു. യൂണിറ്റിനു ഒരു രൂപ ആക്കുന്നതിനു മുൻപു് ഇത്ര കല്ലു പൊട്ടിച്ചിട്ടും ഗവണ്മെൻറിനു കിട്ടേണ്ട വിഹിതം കിട്ടിയിട്ടുണ്ടോ? ഗവണ്മെൻറിനു കിട്ടേണ്ട വിഹിതം എത്രയാണെന്നു വ്യക്തമാക്കുമോ ? ഈ കണക്കനുസരിച്ചു ഗവണ്മെൻറിനു കിട്ടേണ്ട വിഹിതത്തിൽ വളരെ കുറച്ചു തുക മാത്രമേ കിട്ടിയിട്ടുള്ള. അതേ സംബന്ധിച്ചുള്ള നില വ്യക്തമാക്കുമോ?

ശ്രീ. ആർ. ശങ്കർ : വ്യക്തമായ കണക്കു എൻെറ കൈവശമില്ല. വളരെ കുറച്ചു മാത്രമേ ആ രൂപത്തിൽ ഈടാക്കിയിട്ടുള്ള എന്നാണു കാണുന്നതു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ബാക്കി തുക ഈടാക്കുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഇതിൻെറ കണക്കുകൊടുത്തതന്നെ യഥാകാലം, അതായതു ഉടച്ചെടുക്കുന്ന കരിങ്കല്ലിൻെറ കണക്കു വില്ലേജാഫീസിൽ കൊടുത്തിട്ടില്ലെന്നും. അങ്ങിനെ കൊടുക്കാത്തതിൻെറ ഫലമായി ഉടച്ചെടുത്തതിൻെറ വിഹിതം ഗവണ്മെൻറിനു കിട്ടിയിട്ടില്ല എന്നുമുള്ള വിവരത്തെ സംബന്ധിച്ചു അന്വേഷിച്ചു ആവശ്യമായ നടപടി സ്വീകരിക്കുമോ :

ശ്രീ. ആർ. ശങ്കർ : അങ്ങനെ പരാതി കിട്ടിയിട്ടില്ല. പരാതി കിട്ടുകയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം:

ഇറിഗേഷൻ ജോലികൾ.

* 368. [29] ശ്രീ. ആർ. സുഗതൻ: * താഴെ കാണുന്ന ചോദ്യങ്ങൾക്കു ക്ഷിപ്രവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുതും ഇടത്തരവുമായ എത്ര ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ആലപ്പുഴ ജില്ലയിൽ ഇപ്പോൾ എത്ര ലിഫ്റ്റു ഇറിഗേഷൻ ജോലികളും, മീഡിയം ഇറിഗേഷൻ ജോലികളും നടന്നുകൊണ്ടിരിക്കുന്നു ;

(സി) ചെങ്ങന്നൂർ ഇറിഗേഷൻ ഡിവിഷനിലെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണെന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പരിമലയിലെ ലിഫ്റ്റു ഇറിഗേഷൻ—തിരുപ്പുഴത്തോടു എന്നിവയുടെ ജോലികൾ എന്നാരംഭിക്കും?

---

* Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 740.

(ബി) 27 ലിഫ്റ്റു ഇറിഗേഷൻ ജോലികളും 14 മീഡിയം ഇറിഗേഷൻ ജോലികളും നടന്നുകൊണ്ടിരിക്കുന്നു.

(സി) ഇല്ല.

(ഡി) പരിമല ലിഫ്റ്റു് ഇറിഗേഷൻ, തിക്കുപ്പുഴത്തോടു് എന്നീ പണികൾക്കു് ഈ ആണ്ടത്തെ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല. പരിമല ലിഫ്റ്റു് ഇറിഗേഷൻ വക്കിന്റെയും തിക്കുപ്പുഴത്തോടിന്റെയും എസ്റ്റിമേറ്റുകൾ പരിശോധനയിലിരിക്കുന്നതേയുള്ളു. എസ്റ്റിമേറ്റുകൾ സാംഗ്ഷൻ ചെയ്തുകഴിഞ്ഞാൽ ജോലി ആരംഭിക്കുന്നതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : രണ്ടുകൊല്ലമായി ലിഫ്റ്റു് ഇറിഗേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാകാതെ കിടക്കുന്നതു് പമ്പു് ചെയ്യാൻ ഇലക്ട്രിസിറ്റി കിട്ടാത്തതുകൊണ്ടുള്ള വിഷമം കൊണ്ടാണു്. അതുകൊണ്ടു് രണ്ടുകൊല്ലമായി പൂർത്തിയാകാതെ കിടക്കുന്ന ഈ ജോലികൾ അടുത്ത വർഷമെങ്കിലും പ്രവർത്തനത്തിൽ വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഈ. പി. പൗലോസു് : അങ്ങനെയുള്ള കേസുകൾക്കു് കഴിവുള്ളിടത്തോളം വേഗം കണക്ഷൻ കിട്ടാൻ ശ്രമിക്കുന്നുണ്ടു്. സാധാരണയായി അഗ്രികൾച്ചറൽ പർപ്പസസിനു് മുൻഗണന കൊടുക്കുന്നുണ്ടു്. അതിൽ വല്ല തെറ്റും വന്നിട്ടുണ്ടെങ്കിൽ എഴുതി അറിയിച്ചാൽ അതേപ്പറ്റി പ്രത്യേകമായി അന്വേഷിക്കാം.

ശ്രീ. പി. ചാക്കോ : അടുത്ത കാലത്തു് ആലപ്പുഴവച്ചു് സെൻട്രൽ ഗവണ്മെൻറിലെ ഇറിഗേഷൻ ഉദ്യോഗസ്ഥന്മാരും ഈ സ്റ്റേറ്റിലെ ഉദ്യോഗസ്ഥന്മാരും ഇവിടത്തെ പ്രവർത്തനത്തെപ്പറ്റി ചർച്ച ചെയ്ത അവസരത്തിൽ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി എത്രമാത്രം രൂപ ആവശ്യപ്പെട്ടാലും അതു തരുവാൻ സെൻട്രൽ ഗവണ്മെൻറു് ഒരുക്കമാണെന്നും, ഇവിടത്തെ പ്രവർത്തനം മന്ദീഭവിക്കാനുള്ള കാരണം ഈ ഗവണ്മെൻറു ആവശ്യമായിട്ടുള്ള പദ്ധതികൾ സമർപ്പിക്കുകയോ പണം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലാത്തതാണെന്നും പ്രസ്താവിച്ചതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : മൈനർ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം പണം കൂടുതൽ തരും. വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിനു് പണം തരാമെന്നു ഇതുവരെ പറഞ്ഞിട്ടില്ല. ഒരു കൊല്ലത്തേക്കു് അലോട്ടുമെൻറുണ്ടു്. കൂടുതൽ പണം അഗ്രികൾച്ചറൽ പർപ്പസസിനു് ആവശ്യമുണ്ടെങ്കിൽ ഒരു അഡ്വാൻസു് എന്ന നിലയിൽ തരും. അതു് മൈനർ ഇറിഗേഷൻ സ്കീമിനാണു്. മേജർ ഇറിഗേഷൻ സ്കീമിനെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. എൻ. എസു്. കൃഷ്ണപിള്ള : പരിമല നാലുവശവും പമ്പാനദിയാൽ ചുറ്റപ്പെട്ട ഒരു ദ്വീപാണു്. വർഷകാലത്തു് ഇവിടെ യാതൊരു ജോലിയും ചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ലിഫ്റ്റു് ഇറിഗേഷൻ പ്രവർത്തനങ്ങൾ അവിടെ ഏപ്രിൽ, മേയ് ഈ മാസങ്ങളിൽ ചെയ്തീർക്കാൻ വേണ്ട ഉത്തരവു് കൊടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : അതെന്താണെന്നുള്ള വിവരം ഡീറ്റെയിലായി എഴുതിത്തന്നാൽ അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : ലിഫ്റ്റു് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം എത്തുവക്കു് മൂന്നുനാലുകൊല്ലമായി തീർന്നുകിടക്കുകയാണു്. ഇലക്ട്രിസിറ്റി കിട്ടാത്തതിന്റെ ഫലമായി പല വക്കുകളും ഇന്നു തുടങ്ങാൻ കഴിയാതെയാണിരിക്കുന്നതു്. ഈ മാതിരി സ്കീമുകളൊക്കെ സാംഗ്ഷൻചെയ്ത വക്കുകൾ തുടങ്ങുമ്പോൾ വിവിധ ഡിപ്പാർട്ടുമെൻറു തമ്മിൽ വല്ല ആലോചനയും നടത്തിയിട്ടാണോ ആരംഭിക്കുന്നതു്? ഇതു പണം നാശമാക്കുക എന്നുള്ള രൂപത്തിലല്ലേ വാസ്തവത്തിലുള്ളതു്. അതുകൊണ്ടു് എന്തെങ്കിലും ഏതെങ്കിലും ഒരു സ്റ്റേജിൽ വച്ചു് കോ-ഓർഡിനേഷൻ നടത്താൻ വേണ്ട നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : വളരെ പ്രധാനമായ ഒരു കാര്യമാണ് ഇത്. ഈ കാര്യത്തിൽ പല സ്ഥലത്തും വളരെ കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുന്നിടത്ത് പ്രത്യേക ഇലക്ട്രിക്കൽ വിംഗ് തന്നെ സ്ഥാപിക്കുന്നതാണ്. പക്ഷേ ഓരോ പദ്ധതിയെക്കുറിച്ചും നോക്കുമ്പോൾ ഇലക്ട്രിസിറ്റിക്ക് കൂടുതൽ ബുദ്ധിമുട്ടുള്ളതായി അറിയാം. ഇലക്ട്രിസിറ്റി വിതരണം ചെയ്യുമ്പോൾ അഗ്രിക്കൾച്ചറൽ പർപ്പസസിനു മുൻഗണന കൊടുക്കണമെന്ന ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. ചില കേസുകളിൽ അതനുസരിച്ചു പ്രവർത്തിക്കുന്നുണ്ട്. ഏതെങ്കിലും കേസുകൾ ഏറ്റെടുക്കാൻ താമസിച്ചിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതേപ്പറ്റി അന്വേഷിക്കാം. ഒരു ലിഫ്റ്റ് ഇറിഗേഷനും ഏറ്റെടുക്കുകയില്ല എന്നൊരു നിശ്ചയം ഗവണ്മെൻറ് ചെയ്തിട്ടില്ല. അങ്ങനെ ചെയ്യുന്നത് തെറ്റായിരിക്കും.

തൊഴിലില്ലായ്മ പരിഹരിക്കാൻ രൂപീകരിച്ച കമ്മിറ്റികൾ

✱ 369. [30] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ-ചേർത്തല തൊഴിലില്ലായ്മ പരിഹരിക്കാൻ വിവിധ പ്രവർത്തനങ്ങൾക്കായി മൂന്നു കമ്മിറ്റികൾ ഗവണ്മെൻറ് രൂപീകരിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കമ്മിറ്റികൾ; അതിലെ മെമ്പർമാർ ആരെല്ലാം ;

(സി) ഈ കമ്മിറ്റികൾ ഓരോന്നും എത്രതവണ കൂടി; എന്തു നിർദ്ദേശം സമർപ്പിച്ചു ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ ഏതെല്ലാം നടപ്പിലാക്കി ;

(ഈ) റിലീഫ് വർക്കിനുള്ള കമ്മിറ്റി ഏതെല്ലാം വർക്കുകളാണ് നിർദ്ദേശിച്ചത് ;

(എഫ്) അതിൽ ഏതെല്ലാം വർക്ക് പൂർത്തിയായി ;

(ജി) വർക്ക് മുടങ്ങിക്കിടക്കുന്നതായി ഏതെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത് ;

(എച്ച്) ആലപ്പുഴയിൽ അശ്രാമം-മുഹമ്മ റോഡിന്റെ പണി മുടങ്ങാൻ കാരണമെന്ത് ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഉണ്ട്.

(ബി) മറുപടി മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(സി) മറുപടി മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(ഡി) മറുപടി മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(ഈ) 'സി'ക്കുള്ള മറുപടിയിൽ മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(എഫ്) മറുപടി മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(ജി) മറുപടി മേശപ്പുറത്തു വച്ചിട്ടുണ്ട് *

(എച്ച്) ഇതിനു ബഡ്ഡറിൽ തുക കൊള്ളിച്ചിട്ടില്ലാത്തതുകൊണ്ടും ധനദൗർലഭ്യംകൊണ്ടും ഇതിന്റെ പണി ആരംഭിച്ചിട്ടില്ല.

* Appendix II

LIBRARY ARCHIVES Kerala Legislative Assembly